എന്നീ പണികളും നേരത്തെ ഏറ്റെടുത്തതും നിലവിൽ ഉണ്ടായിരുന്നതുമായ പണികളുടെ പൂർത്തീകരണവും സാധിച്ചിട്ടുണ്ട്.

സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഏറ്റെടുത്ത പണികൾ

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ സംസ്ഥാനത്ത് നാളിതുവരെ ഏറ്റെടുത്ത പണികൾ ഏതെല്ലാം ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ ഏതെല്ലാം പണികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റെയിൽവേ മേൽപ്പാലങ്ങൾ

കാസർഗോഡ്	-	നീലേശ്വരം
കണ്ണൂർ	-	മുഴുപ്പിലങ്ങാട്
കോഴിക്കോട്	-	നന്ദി, ചെങ്കോട്ടുകാവ്, വെങ്ങളം, വെങ്ങാലി, വെള്ളയിൽ, മീൻചന്ത
മലപ്പുറം	-	താനൂർ
തൃശ്ശൂർ	-	മുണ്ടൂർ റോഡ്, (വിയ്യൂർ) കൊരട്ടി അങ്ങാടി, ചാലക്കുടി, കല്ലേറ്റുകര
എറണാകുളം	-	കളമശ്ശേരി, ഇരുംപനം

റോഡുകൾ

13 കി.മി. റോഡ് (ഇരുംപനം കളമശ്ശേരി റോഡ്)

(ബി) റെയിൽവേ മേൽപ്പാലങ്ങൾ

പന്നിയങ്കര, പാലക്കാട് ടൗൺ, എസ്.എൻ.ജംഗ്ഷൻ, തൃപ്പൂണിത്തുറ, പുന്നുരുന്നി, പുല്ലേപ്പടി അറ്റ്ലാന്റിസ്, വടുതല

റോഡുകൾ

1. ഇരുമ്പനം - കളമശ്ശേരി റോഡിന്റെ രണ്ടാംഘട്ടം (കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെയും കരിങ്ങാച്ചിറ മാതൽ കുണ്ടന്നൂർ വരെയും
2. ചേർത്തല കുമരകം കോടിമത റോഡ്. 30 കി.മീറ്റർ.

LIBRARY ARCHIVES Kerala Legislative Assembly

3. പൊന്നാനി - കോഴിക്കോട് തീരദേശ ഹൈവേ

4. കോവിലൂർ മുതൽ കേരള അതിർത്തി വരെയുള്ള 20 കി.മീ.

5. എറണാകുളം ഹൈക്കോടതി ജംഗ്ഷൻ മുതൽ എൻ.എച്ച് 17 വരെയുള്ള 13 കി.മീ. റോഡ്.

6. കലൂർ മുതൽ ഹൈക്കോടതി ജംഗ്ഷൻ വരെ റോഡ് മേൽപ്പാലം

7. കോഴിക്കോട് അരയിടത്തു പാലം ജംഗ്ഷനിൽ മേൽപ്പാലം.

എക്സ്പ്രസ്സ് ഹൈവേ

53 (702) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ്പ്രസ്സ് ഹൈവേ റോഡിന്റെ പണി സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ എക്സ്പ്രസ്സ് ഹൈവേ എവിടെനിന്നു തുടങ്ങി ഏതെല്ലാം താലൂക്കുകൾ വഴി എവിടെയാണ് അവസാനിക്കുക വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് സർവേ നടപടി പൂർത്തിയാക്കിയോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേയുടെ പ്രാഥമിക സർവ്വേ ട്രാഫിക് സർവ്വേ, ഹൈഡ്രോളജിക്കൽ സ്റ്റഡി എന്നിവ പൂർത്തിയാക്കി. ഡൽഹി ആസ്ഥാനമായ " ഫീഡ് ബാക്ക് എച്ച്.എസ്സ്.എസ്സ്" എന്ന സ്ഥാപനമാണ് സർവ്വേ നടത്തുന്നത്. കരട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ ചട്ടംചാലിൽ നിന്ന് ആരംഭിച്ച് കണ്ണൂരിലെ പച്ചപൊയ്ക, കോഴിക്കോട്ടെ കുന്ദമംഗലം, തൃശ്ശൂരിലെ ആമ്പല്ലൂർ, എറണാകുളത്തെ വടയംപാടി, പത്തനംതിട്ട, കോട്ടയത്തെ കാഞ്ഞിരപ്പള്ളി എന്നീ സ്ഥലങ്ങൾ വഴി തിരുവനന്തപുരത്ത് എം.സി. റോഡിൽ എത്തിച്ചേരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേ.

(സി) പച്ചപ്പൊയ്ക മുതൽ കുന്ദമംഗലം വരെയുള്ള 73 കിലോമീറ്റർ റോഡിന്റെ സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്. കരട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ആറുവരിപാതകളുടെ നിർമ്മാണം

54 (704) ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആറുവരി പാതകളുടെ നിർമ്മാണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly